| | കേരള അഗ്രികൾച്ചറൽ യുണിവേഴ്സിറ്റി വെള്ളാനിക്കര ,കെ എ യു പോസ്റ്റ്,തൃശൂർ,കേരള<br>കണ്ണൂര്<br>പിലിക്കോട് | |
|---|---|---|

| | 0054/2015/1475 | | 05/06/2015 - 09/06/2015 |
|---|---|---|---|
| :05/06/2015 | | | |

| | | (mm) | ($^0$C) | ($^0$C) | (octa) | (%) | (%) | (Kmph) | (deg) |
|---|---|---|---|---|---|---|---|---|---|
| 01/06 | KANNUR (CANNANORE) | | 35.70 | 25.60 | 6.00 | 55.00 | | 3.20 | E |
| 02/06 | KANNUR (CANNANORE) | 0.20 | 33.00 | 26.70 | 7.00 | 68.00 | 55.00 | 3.20 | S |
| 04/06 | KANNUR (CANNANORE) | 2.30 | 35.90 | 25.10 | 6.00 | 71.00 | 56.00 | 4.80 | SE |

## കണ്ണൂര്

| | (mm) | ($^0$C) | ($^0$C) | (octa) | (%) | (%) | (Kmph) | (deg) |
|---|---|---|---|---|---|---|---|---|
| 06/06 | 30 | 34 | 24 | 8 | 90 | 75 | 12 | 230 |
| 07/06 | 20 | 31 | 24 | 7 | 92 | 75 | 12 | 180 |
| 08/06 | 17 | 31 | 24 | 7 | 92 | 75 | 12 | 200 |
| 09/06 | 23 | 31 | 24 | 8 | 92 | 75 | 12 | 250 |
| 10/06 | 15 | 31 | 24 | 7 | 91 | 75 | 12 | 270 |
| Weather summary of the preceding week | | | | Weather forecast valid | | | | |

ആകാശം മേഘാവൃതമായിരിക്കും. ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യത. വാഴ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലാണ് . വിളകൾ നട്ടു തുടങ്ങാനുള്ള സമയമാണ്. ഒട്ടു തൈകൾ നടുമ്പോൾ ഒട്ടിച്ച ഭാഗം മണ്ണിനു മുകളിൽ ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഒട്ടിച്ച ഭാഗത്തിന് താഴെ നിന്ന് വരുന്ന മുളകൾ നുള്ളിക്കളയണം. തൈകളുടെ തടത്തിൽ വെള്ളം കെട്ടിക്കിടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കീടനാശിനി പ്രയോഗിക്കുന്നത് കാറ്റ് ഇല്ലാത്ത സമയത്ത് (രാവിലെയോ വൈകിട്ടോ) ആയിരിക്കണം

| | |
|---|---|
| 1 | ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണിൽ നന്നായി ഇളക്കി ചേർക്കേണ്ടതാകുന്നു. പൊടിവിത ആണെങ്കിൽ പാടം ഉഴുന്നതോടൊപ്പം തന്നെ സെന്ററിന് 20 കി.ഗ്രാം ജൈവ വളവും 1400 ഗ്രാം കുമ്മായവും ചേര്ത്ത്ക ഇളക്കണം.രോഗബാധ തടയുന്നതിനായി നടുന്നതിന് മുന്പ് വിത്ത് കുമിൾ നാശിനിയുമായി (1കി.ഗ്രാം വിത്തിന് 2 ഗ്രാം 'ബാവിസ്റ്റിൻ' അല്ലെങ്കിൽ 'സ്യൂഡോമോണാസ്' എന്ന ജീവാണു 10 ഗ്രാം എന്ന തോതിൽ കലർത്തി തയ്യാർ ചെയ്യണം. ചെമ്പ്,നാകം എന്നീ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് നികത്താൻ വിത്ത് സിങ്ക് സള്ഫേറ്റ്+ 1/4% കോപ്പർ സള്ഫേറ്റ് ലായനിയിൽ 24 മണിക്കൂർ മുക്കിവെച്ച ശേഷം തണലിൽ ഉണക്കി |

| | |
|---|---|
| | വിതയ്ക്കുക. |
| 2 | ഉണക്ക രോഗം ബാധിച്ച കൊമ്പുകൾ മുറിച്ചു മാറ്റി ബോർഡോ കുഴമ്പ് പുരട്ടുക. തണ്ടു തുരപ്പൻ പുഴുവിനെ നിയന്ത്രിക്കാൻ തായ്ത്തടിയിലും പുറമേ കാണുന്ന വേരുകളിലും 2 ശതമാനം കാർബാറിലും ചെളിയും ചേർത്ത മിശ്രിതം വർഷത്തിൽ രണ്ടു തവണ തേച്ചു കൊടുക്കുക. ഉണങ്ങിയ മരങ്ങൾ തോട്ടത്തിൽ നിന്നും നീക്കം ചെയ്യുക. തുരപ്പൻ പുഴുവിന്റെ സമാധി ദശകൾ മരത്തിനു താഴെ തടങ്ങളിൽ കാണുകയാണെങ്കിൽ ശേഖരിച്ച് തീയിലിട്ട് നശിപ്പിക്കേണ്ടതാകുന്നു. മൂപ്പ് എത്തിയ മരങ്ങൾ ആണെങ്കിൽ 'കൊൾട്ടാർ-മണ്ണെണ്ണ മിശ്രിതം 1:2 അനുപാതത്തിൽ 1.5മീറ്റർ ഉയരം വരെ തേച്ചു പിടിപ്പിക്കുന്നതും ഗുണകരമായിരിക്കും. |
| 3 | പുതുതായി നടുന്ന തൈകൾക്ക് താങ്ങും തണലും നൽകണം. തെങ്ങിന് വളം ചേർക്കുവാൻ സമയമായി. തടം തുറന്ന് തെങ്ങ് ഒന്നിനു 1 കി.ഗ്രാം കുമ്മായം ചേർക്കണം. തുടർന്ന് ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ്/പച്ചില വളം (25 കി.ഗ്രാം), മഗ്നീഷ്യം സൾഫേറ്റ് (1/2കി.ഗ്രാം) എന്നിവ ചേർത്ത് കൊടുക്കണം. കുമ്മായം ചേർത്ത് മൂന്നാഴ്ച്ച കഴിഞ്ഞാൽ രാസവളം നല്കിത്തുടങ്ങാം. |
| 4 | റോബസ്റ്റ, പൂവൻ, പാളയംകോടൻ എന്നിവ നട്ടു തുടങ്ങാം. നേന്ത്രവാഴത്തോട്ടങ്ങളിൽ ഒടിഞ്ഞുതൂങ്ങി കിടക്കുന്ന ഉണങ്ങിയ ഇലകൾ നീക്കം ചെയ്യേണ്ടതാകുന്നു. നേന്ത്രവഴകൾക്ക് താങ്ങ് നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. |